**കേരളസർക്കാർ**
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in

---

**പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2016 ജൂലൈ 28 വ്യാഴം**

# എട്ടു ജില്ലകളിലെ സർക്കാർ ഓഫീസുകൾ വഴി നെഹ്റു ട്രോഫി ടിക്കറ്റ് വിൽക്കാൻ അനുമതി

ആലപ്പുഴയടക്കം എട്ടു ജില്ലകളിലെ സർക്കാർ ഓഫീസുകൾ വഴി അറുപത്തിനാലാമത് നെഹ്റു ട്രോഫി വള്ളംകളിയുടെ ടിക്കറ്റുകൾ വിൽക്കാൻ അനുമതി നൽകി സർക്കാർ ഉത്തരവായി. ആലപ്പുഴ, എറണാകുളം, കൊല്ലം, കോട്ടയം, പത്തനംതിട്ട, തിരുവനന്തപുരം, തൃശൂർ, കോഴിക്കോട് ജില്ലയിലെ സർക്കാർ ഓഫീസുകൾ വഴി ടിക്കറ്റുകൾ വിൽക്കാനാണ് പൊതുഭരണ വകുപ്പ് അനുവാദം നൽകിയിട്ടുള്ളത്.

**ടിക്കറ്റ് നിരക്ക്**-ടൂറിസ്റ്റ് ഗോൾഡ്-2500 രൂപ, ടൂറിസ്റ്റ് സിൽവർ-1500 രൂപ, റോസ് കോർണർ(പ്രവേശനം രണ്ടുപേർക്ക്)-750 രൂപ, റോസ് കോർണർ(ഒരാൾക്ക്)-450 രൂപ, വിക്റ്ററി ലൈൻ-300 രൂപ, ഓൾ വ്യൂ-230 രൂപ, ലേക് വ്യൂ-150 രൂപ, ലോൺ-100 രൂപ.

ടിക്കറ്റുകൾ ലഭിക്കുന്ന ഓഫീസുകൾ:

**ആലപ്പുഴ ജില്ല**- വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ. ഓഫീസുകൾ, താലൂക്ക് സപ്ലൈ ഓഫീസുകൾ, നഗരസഭ ഓഫീസുകൾ, ബി.ഡി.ഒ. ഓഫീസുകൾ, പൊതുമരാമത്ത് എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ ഓഫീസുകൾ, വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർ ഓഫീസ്, ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ ഓഫീസ്, നിർമിതി പ്രോജക്റ്റ് എൻജിനീയർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ രജിസ്ട്രാർ, ഫിഷറീസ്-വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ, ജോയിന്റ് ആർ.ടി.ഒ. ഓഫീസുകൾ, വാണിജ്യനികുതി ഡെപ്യൂട്ടി കമ്മിഷണർ, ജില്ലാ ലേബർ ഓഫീസ്, ഡി.റ്റി.പി.സി., ജില്ലാ വ്യവസായ ഓഫീസ്, പുഞ്ച സ്പെഷൽ ഓഫീസ്, ആർ.റ്റി.ഒ., ദേശീയ സമ്പാദ്യ ഡയറക്ടർ, ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ.
**കോട്ടയം**- കളക്ട്രേറ്റ്, ആർ.ഡി.ഒ. ഓഫീസുകൾ, ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ ഓഫീസ്, പുഞ്ച സ്പെഷൽ ഓഫീസ്, വാണിജ്യനികുതി ഡെപ്യൂട്ടി കമ്മിഷണർ ഓഫീസ്, ജില്ലാ സപ്ലൈ ഓഫീസ്.
**എറണാകുളം**-ജില്ലാ രജിസ്ട്രാർ ഓഫീസ്, ജില്ലാ ലേബർ ഓഫീസ്, ജില്ലാ സപ്ലൈ ഓഫീസ്, ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസ്, കളക്ടറേറ്റ്, ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ ഓഫീസ്, വാണിജ്യനികുതി ഡെപ്യൂട്ടി കമ്മിഷണർ ഓഫീസ്.
**പത്തനംതിട്ട**- തിരുവല്ല ആർ.ഡി.ഒ. ഓഫീസ്, തിരുവല്ല താലൂക്ക് ഓഫീസ്.
**കൊല്ലം**-കരുനാഗപ്പള്ളി താലൂക്ക് ഓഫീസ്.
**തൃശൂർ**-തൃശൂർ, മുകുന്ദപുരം, ചാവക്കാട്, കൊടുങ്ങല്ലൂർ താലൂക്ക് ഓഫീസുകൾ, വാണിജ്യനികുതി ഡെപ്യൂട്ടി കമ്മിഷണർ ഓഫീസ് തൃശൂർ.
**കോഴിക്കോട്**-കോഴിക്കോട്, കൊയിലാണ്ടി, വടകര താലൂക്ക് ഓഫീസുകൾ, വാണിജ്യനികുതി ഡെപ്യൂട്ടി കമ്മിഷണർ ഓഫീസ്.
ഇതു കൂടാതെ in.bookmyshow.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായും ടിക്കറ്റെടുക്കാം.

(പി.എൻ.എ. 1363/16)